**പതിനാലാം കേരളനിയമസഭ**

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.3367 19.10.2016 ന് മറുപടിയ്ക്ക്.

**പി.റ്റി.പി. നഗറിലുള്ള ഫോറസ്റ്റ് കോംപ്ലക്സിലെ ക്വാർട്ടേഴ്സുകൾ**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.ഡി.കെ.മുരളി | അഡ്വ. കെ.രാജു<br>(വനവും, മൃഗസംരക്ഷണവും, മൃഗശാലകളും വകുപ്പുമന്ത്രി) |
| (എ) തിരുവനന്തപുരം പി.റ്റി.പി. നഗറിലുള്ള ഫോറസ്റ്റ് കോംപ്ലക്സിൽ ജീവനക്കാർക്കായി താമസ യോഗ്യമായതും അല്ലാത്തതുമായ എത്ര ക്വാർട്ടേഴ്സുകളാണ് നിലവിലുള്ളത്; ഇവയുടെ ക്ലാസ് തിരിച്ചുള്ള പട്ടിക നൽകുമോ; | (എ) തിരുവനന്തപുരം പി.റ്റി.പി. നഗറിലുള്ള ഫോറസ്റ്റ് കോംപ്ലക്സിൽ ജീവനക്കാർക്കായി നിലവിലുള്ള ക്വാർട്ടേഴ്സുകളുടെ ക്ലാസ് തിരിച്ചുള്ള പട്ടിക ചുവടെ ചേർക്കുന്നു.<br>ടൈപ്പ് I - 8 എണ്ണം<br>ടൈപ്പ് II - 28 എണ്ണം<br>ടൈപ്പ് III - 11 എണ്ണം<br>ടൈപ്പ് IV - 11 എണ്ണം<br>ടൈപ്പ് VI - 7 എണ്ണം |
| (ബി) പ്രസ്തുത ക്വാർട്ടേഴ്സുകൾ യഥാസമയം അറ്റകുറ്റപണി നടത്തി സംരക്ഷിക്കുന്നതിൽ വീഴ്ച വന്നിട്ടുണ്ടോ; എങ്കിൽ അതിന്റെ കാരണം വിശദമാക്കുമോ; | (ബി) പ്രസ്തുത ക്വാർട്ടേഴ്സുകളുടെ അറ്റകുറ്റപണികൾ ബഡ്ജറ്റ് വിഹിതമനുസരിച്ച് യഥാസമയം ചെയ്തു വരുന്നു. |
| (സി) ആസ്ഥാന ഓഫീസിന്റെ 20 കിലോമീറ്റർ പരിധിക്കുള്ളിൽ സ്വന്തമായി വീടുള്ള എത്ര ജീവനക്കാർ ക്വാർട്ടേഴ്സുകളിൽ താമസിക്കുന്നുണ്ട്; ഇവരുടെ പേരു വിവരം തസ്തിക തിരിച്ച് ലഭ്യമാക്കാമോ; | (സി) ആസ്ഥാന ഓഫീസിന്റെ 20 കിലോമീറ്റർ പരിധിക്കുള്ളിൽ സ്വന്തമായി വീടുള്ള ജീവനക്കാർ ക്വാർട്ടേഴ്സുകളിൽ നിയമവിരുദ്ധമായി താമസിക്കുന്നില്ല. |
| (ഡി) മാനദണ്ഡങ്ങൾക്ക് വിരുദ്ധമായി ക്വാർട്ടേഴ്സുകളിൽ താമസിക്കുന്ന ജീവനക്കാരെ ഒഴിപ്പിക്കുന്നതിന് നടപടി സ്വീകരിക്കുമോ; | (ഡി) മാനദണ്ഡങ്ങൾക്കു വിരുദ്ധമായി ക്വാർട്ടേഴ്സുകളിൽ ജീവനക്കാർ താമസിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |

:

| | |
|---|---|
| (ഇ) ക്വാർട്ടേഴ്സ് ലഭിക്കുന്നതിന് അപേക്ഷ നൽകി കാത്തിരിക്കുന്ന എത്ര ജീവനക്കാരുണ്ട്, നിലവിലുള്ള ക്വാർട്ടേഴ്സുകളുടെ അപര്യാപ്തതകൾ പരിഹരിക്കുന്നതിനും പുതിയവ നിർമ്മിച്ച് ജീവനക്കാർക്ക് അനുവദിക്കുന്നതിനും അടിയന്തര നടപടി സ്വീകരിക്കുമോ? | (ഇ) ക്വാർട്ടേഴ്സ് ലഭിക്കുന്നതിന് അപേക്ഷ നൽകി കാത്തിരിക്കുന്നത് ടൈപ്പ് - I ൽ 11, ടൈപ്പ് - II ൽ 30, ടൈപ്പ് - III ൽ 11, ടൈപ്പ് - IV ൽ 1 ജീവനക്കാരാണ്. നിലവിലുള്ള ക്വാർട്ടേഴ്സുകളുടെ അപര്യാപ്തതകൾ ശ്രദ്ധയിൽപ്പെടുന്ന മുറയ്ക്ക് ഫണ്ടിന്റെ ലഭ്യതയ്ക്കനുസൃതമായി അവ പരിഹരിക്കുന്നതിന് നടപടികൾ തുടർച്ചയായി സ്വീകരിച്ചു വരുന്നു. പുതിയ ക്വാർട്ടേഴ്സുകൾ നിർമ്മിച്ച് ജീവനക്കാർക്ക് അനുവദിക്കുന്നതിന് തൻവർഷത്തെ ബഡ്ജറ്റിൽ ഫണ്ട് ലഭ്യമല്ല. |

Nahala S.S.

സെക്ഷൻ ഓഫീസർ